## പതിമൂന്നാം കേരള നിയമസഭ.
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T2243 | 18/06/2013 ൽ മറുപടി നൽകേണ്ടിയിരുന്നത്.

## പാറ ക്വാറികൾ നിയമാനുസരണം പ്രവർത്തിക്കാൻ അനുമതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | ചടയമംഗലം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ പ്രവർത്തിച്ചുവരുന്ന പാറ ക്വാറികൾ, ക്രഷർ യൂണിറ്റുകൾ, എം.സാൻഡ് നിർമ്മാണ യൂണിറ്റുകൾ എന്നിവ നിയമാനുസരണവും പരിസ്ഥിതി ആഘാതമുണ്ടാകാതെയും പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽ കുമോ; | (എ) | 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾക്കു വിധേയമായി പരിസ്ഥിതിക്ക് ആഘാതം ഉണ്ട ാകാത്ത വിധത്തിൽ ചടയമംഗലം നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന ക്വാറികൾക്ക് അനുമതി നൽകുന്നതാണ്. ക്രഷർ യൂണിറ്റുകൾ, എം.സാൻഡ് നിർമ്മാണയൂണി റ്റുകൾ എന്നിവ സ്ഥാപിക്കുന്നതി നും പ്രവർത്തിപ്പിക്കുന്നതി നും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പ് , കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ നിയമാനുസൃതമുള്ള അനുമതി ആവശ്യമാണ്. |
| (ബി) | ഇക്കാര്യവുമായി ബന്ധപ്പെട്ട് ചിതറ ഗ്രാമപഞ്ചായത്തിൽ കൂടിയ സർവ്വകക്ഷി, ഉദ്യോഗസ്ഥ, പരിസ്ഥിതി പ്രവർത്തക തീരുമാനം രേഖപ്പെടുത്തി റവന്യു വകുപ്പി നു നൽകിയ നിവേദനത്തിന്മേൽ നടപടി സ്വീകരിക്കുമോ? | (ബി) | സർവ്വ കക്ഷിയോഗ തീരുമാന പ്രകാരം സമർപ്പിച്ച ശുപാർശയിന്മേൽ റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ